**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** **08-08-2023 - ൽ മറുപടിയ്ക്ക്**

**രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു, ശ്രീ. കെ. ആൻസലൻ, ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ജന്തുജന്യ രോഗ നിയന്ത്രണത്തിനും പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് (Outbreak) നേരത്തെ കണ്ടെത്തുന്നതിനുമായി ലോകബാങ്കിന്റെയും റീ ബിൽഡ് കേരള ഇനിഷിയേറ്റീവിന്റെയും (RKI) സഹായത്തോടെ ആരോഗ്യ വകുപ്പിന്റെയും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളുടെയും പങ്കാളിത്തത്തോടുകൂടി ഏകാരോഗ്യം എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ സുരക്ഷ, മുൻകൂട്ടിയുള്ള പകർച്ചവ്യാധി നിർണയം, ആരോഗ്യ പ്രശ്നങ്ങൾ തടയുന്നതിന്, ഏകാരോഗ്യം എന്ന സമീപനം വളർത്തിയെടുക്കൽ, ആരോഗ്യനയ ശിപാർശകൾ എന്നിവയ്ക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; മറ്റെന്തൊക്കെ കാര്യങ്ങളാണ് ഇതു വഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത പദ്ധതി വഴി പകർച്ച വ്യാധികളെ മുൻകൂട്ടി കണ്ടെത്തുന്നതിന് വേണ്ടി ലബോറട്ടറികളുടെയും ആരോഗ്യ സംവിധാനത്തിന്റെ തന്നെയും ശേഷി വർദ്ധിപ്പിക്കുക എന്നത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പകർച്ചവ്യാധികളെ നേരത്തെ തന്നെ കണ്ടെത്തുന്നതിനും സാമൂഹ്യ അധിഷ്ഠിത പകർച്ചവ്യാധി സർവൈയലൻസ് നടത്തുന്നതിനുമായി പൊതുജനങ്ങളെ ആരോഗ്യ വോളന്റിയർമാരായി തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുക എന്നതും ഈ പദ്ധതി വഴി നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ജില്ലാതല/ പ്രദേശികതല ലാബുകളിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഈ പദ്ധതി വഴി ലക്ഷ്യമിടുന്നുണ്ട്. ഇതോടൊപ്പം പകർച്ചവ്യാധിനിയന്ത്രണമേഖലയിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ്, അഗ്രികൾച്ചർ, വൈൽഡ് ലൈഫ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി എന്നിവരുടെ എല്ലാം സഹകരണത്തോടെ കൂടുതൽ കാര്യക്ഷമവും പങ്കാളിത്തത്തോടും കൂടിയുള്ള പ്രവർത്തനങ്ങളാണ് ഈ പ്രോജക്ട് വഴി ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി ഒരു ഐ.റ്റി. പ്ലാറ്റ് ഫോം തയ്യാറാക്കുന്നതിന് വേണ്ടിയുള്ള |

പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺഹെൽത്ത് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്
- പദ്ധതിയുടെ ആദ്യ ഘട്ടം റീ ബിൽഡ് കേരള ഇൻഷ്യറ്റീവ് (RKI) ന് ഒപ്പം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിൽ ആരംഭിക്കും പിന്നീട് ഇത് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.
- വൺഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവ കേരള കർമ്മ പദ്ധതി-2 (NKKP 2) യുടെ ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കും.
- ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി ആരംഭിച്ചു.
- സംസ്ഥാന, ജില്ലാ, എൽ.എസ്.ജി തലങ്ങളിൽ സ്ഥാപിച്ച വൺഹെൽത്ത് ഏകോപന പ്ലാറ്റ്ഫോമുകൾ.

1) സംസ്ഥാനതല വൺ ഹെൽത്ത് കമ്മിറ്റി.

2) സംസ്ഥാനതല കോർ കമ്മിറ്റി.

3) ജില്ലാതല വൺഹെൽത്ത് കമ്മിറ്റി.

4)എൽ.എസ്.ജി.ഐ. ലെവൽ വൺ ഹെൽത്ത് കമ്മിറ്റി.

5) സാങ്കേതിക സമിതി.

- സ്റ്റേറ്റ് വൺഹെൽത്ത് സെന്റർ സജ്ജമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്ററിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ ആരംഭിക്കുകയും ചെയ്തു.
- 15/01/2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.1/2023/P&EA പ്രകാരം വൺ ഹെൽത്ത് പദ്ധതിയുടെ 2022-23 വർഷത്തേയ്ക്കുള്ള വിശദമായ രൂപരേഖയ്ക്കും 49.02 കോടി രൂപയുടെ അനുമതി നൽകി. ഇത് പ്രകാരം സിസ്റ്റം ഡെവലപ്മെന്റ് &

| | | | |
|---|---|---|---|
| | | | ശാക്തീകരണം, മുന്നൊരുക്ക- ആസൂത്രണ പ്രവർത്തനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ്, ഐ.റ്റി. പ്ലാറ്റ്ഫോം വികസിപ്പിക്കൽ, കമ്മ്യൂണിറ്റി സർവൈലൻസ് സംവിധാനം രൂപീകരിക്കലും ലാബ് ശൃംഖലകളുടെ ശാക്തീകരണവും, IEC പ്രവർത്തനങ്ങൾ, റാബീസ് ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ മാനേജ് മെന്റ്, ഗവേഷണം, അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br>• കമ്മ്യൂണിറ്റി ബേസിസ് സർവൈലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഐ.റ്റി. പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി-കേരളയുമായി കരാർ ഒപ്പിട്ടു.<br>• 2.5 ലക്ഷം കമ്മ്യൂണിറ്റി വോളന്റിയർമാരുടെ പരിശീലനം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യ പടിയായി 48 ജില്ലാതല മെന്റർമാരുടെ നിയമനവും പരിശീലനവും തദ്ദേശസ്വയംഭരണ തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി ആരംഭിക്കാനും കമ്മ്യൂണിറ്റി മെന്റർമാരെ തിരിച്ചറിയാനും ജില്ലാതല മെന്റർമാർ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി ചേർന്ന് സൗകര്യമൊരുക്കും.<br>• വൺ ഹെൽത്തിന്റെ ബോധവ ൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകീയ കാമ്പയിൻ എന്ന പേരിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി. പൊതുജനങ്ങളും സ്കൂൾ വിദ്യാർത്ഥികളും നേതൃത്വം നൽകി ത്രിതല ഘട്ടമായാണ് കാമ്പയിൻ നടപ്പാക്കുക. മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടുതൽ ചർച്ചകൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | 15/01/2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.1/2023/P&EA പ്രകാരം വൺ ഹെൽത്ത് പദ്ധതിയുടെ 2022- 2023 വർഷത്തേയ്ക്കുള്ള രൂപരേഖയ്ക്ക് അനുമതി നൽകി. ഇത് പ്രകാരം സിസ്റ്റം ഡെവലപ്മെന്റ് & ശാക്തീകരണം, മുന്നൊരുക്ക ആസൂത്രണ പ്രവർത്തനങ്ങൾ , കപ്പാസിറ്റി ബിൽഡിംഗ്, ഐ.റ്റി. പ്ലാറ്റ് ഫോം വികസിപ്പിക്കൽ- ശാക്തീകരണം, കമ്മ്യൂണിറ്റി സർവൈലൻസ് സംവിധാനം രൂപീകരിക്കലും , ലാബ് ശൃംഖലകളുടെ ശാക്തീകരണവും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, റാബീസ് ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ മാനേജ് മെന്റ്, ഗവേഷണം, |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 250 — 08.08.2023 -ൽ മറുപടിക്ക്

## രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഒ . ആർ. കേളു<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. കെ. ബാബു (നെന്മാറ)<br>ശ്രീ. എൻ. കെ. അക്ബർ | **വീണാ ജോർജ്**<br>(ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ജന്തുജന്യ രോഗ നിയന്ത്രണത്തിനും പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് (Outbreak) നേരത്തെ കണ്ടെത്തുന്നതിനുമായി ലോകബാങ്കിന്റെയും റീ ബിൽഡ് കേരള ഇനിഷിയേറ്റീവിന്റെയും (RKI) സഹായത്തോടെ ആരോഗ്യ വകുപ്പിന്റെയും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റ്കളുടെയും പങ്കാളിത്ത ത്തോടുകൂടി ഏകാരോഗ്യം എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. |
| ബി) | ആരോഗ്യ സുരക്ഷ, മുൻകൂട്ടിയുള്ള പകർച്ചവ്യാധി നിർണയം, ആരോഗ്യ പ്രശ്നങ്ങൾ തടയുന്നതിന്, ഏകാരോഗ്യം എന്ന സമീപനം വളർത്തിയെടുക്കൽ, ആരോഗ്യനയ ശിപാർശകൾ എന്നിവയ്ക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; മറ്റെന്തൊക്കെ കാര്യങ്ങളാണ് ഇതു വഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത പദ്ധതി വഴി പകർച്ച വ്യാധികളെ മുൻകൂട്ടി കണ്ടെത്തുന്നതിന് വേണ്ടി ലബോറട്ടറികളുടെയും ആരോഗ്യ സംവിധാനത്തിന്റെ തന്നെയും ശേഷി വർദ്ധിപ്പിക്കുക എന്നത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പകർച്ചവ്യാധികളെ നേരത്തെ തന്നെ കണ്ടെത്തുന്നതിനും സാമൂഹ്യ അധിഷ്ഠിത പകർച്ചവ്യാധി സർവ്വയലൻസ് നടത്തുന്നതിനുമായി പൊതുജനങ്ങളെ ആരോഗ്യ വോളന്റിയർമാരായി തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുക എന്നതും ഈ പദ്ധതി വഴി നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ജില്ലാതല/ പ്രദേശികതല ലാബുകളിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഈ പദ്ധതി |

വഴി ലക്ഷ്യമിടുന്നുണ്ട്. ഇതോടൊപ്പം പകർച്ചവ്യാധിനിയന്ത്രണമേഖലയിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ്, അഗ്രികൾച്ചർ, വൈൽഡ് ലൈഫ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി എന്നിവരുടെ എല്ലാം സഹകരണത്തോടെ കൂടുതൽ കാര്യക്ഷമവും പങ്കാളിത്തത്തോടും കൂടിയുള്ള പ്രവർത്തനങ്ങളാണ് ഈ പ്രോജക്ട് വഴി ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി ഒരു ഐ.റ്റി. പ്ലാറ്റ് ഫോം തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺഹെൽത്ത് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്
- പദ്ധതിയുടെ ആദ്യ ഘട്ടം റീ ബിൽഡ് കേരള ഇൻഷ്യറ്റീവ് (RKI) ന് ഒപ്പം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പമ്പാനദീതട ജില്ലകളിൽ ആരംഭിക്കും പിന്നീട് ഇത് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.
- വൺഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവ കേരള കർമ്മ പദ്ധതി-2 (NKKP 2) യുടെ ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കും.
- ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി ആരംഭിച്ചു.
- സംസ്ഥാന, ജില്ലാ, എൽ.എസ്.ജി തലങ്ങളിൽ സ്ഥാപിച്ച വൺഹെൽത്ത് ഏകോപന പ്ലാറ്റ്ഫോമുകൾ.

1) സംസ്ഥാനതല വൺ ഹെൽത്ത് കമ്മിറ്റി.
2) സംസ്ഥാനതല കോർ കമ്മിറ്റി.
3) ജില്ലാതല വൺഹെൽത്ത് കമ്മിറ്റി.
4) എൽ.എസ്.ജി.ഐ. ലെവൽ വൺ ഹെൽത്ത് കമ്മിറ്റി.
5) സാങ്കേതിക സമിതി.

- സ്റ്റേറ്റ് വൺഹെൽത്ത് സെന്റർ

| | | | |
|---|---|---|---|
| | | | സജ്ജമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്ററിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ ആരംഭിക്കുകയും ചെയ്തു.<br>• 15/01/2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.1/2023/P&EA പ്രകാരം വൺ ഹെൽത്ത് പദ്ധതിയുടെ 2022-23 വർഷത്തേയ്ക്കുള്ള വിശദമായ രൂപരേഖയ്ക്കും 49.02 കോടി രൂപയുടെ അനുമതി നൽകി. ഇത് പ്രകാരം സിസ്റ്റം ഡെവലപ്മെന്റ് & ശാക്തീകരണം, മുന്നൊരുക്ക-ആസൂത്രണ പ്രവർത്തനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ്, ഐ.റ്റി. പ്ലാറ്റ്ഫോം വികസിപ്പിക്കൽ, കമ്മ്യൂണിറ്റി സർവൈലൻസ് സംവിധാനം രൂപീകരിക്കലും ലാബ് ശൃംഖലകളുടെ ശാക്തീകരണവും, IEC പ്രവർത്തനങ്ങൾ, റാബീസ് ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ മാനേജ് മെന്റ്, ഗവേഷണം, അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br>• കമ്മ്യൂണിറ്റി ബേസിസ് സർവൈലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഐ.റ്റി. പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി-കേരളയുമായി കരാർ ഒപ്പിട്ടു.<br>• 2.5 ലക്ഷം കമ്മ്യൂണിറ്റി വോളന്റിയർമാരുടെ പരിശീലനം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യ പടിയായി 48 ജില്ലാതല മെന്റർമാരുടെ നിയമനവും പരിശീലനവും തദ്ദേശസ്വയംഭരണ തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി ആരംഭിക്കാനും കമ്മ്യൂണിറ്റി മെന്റർമാരെ തിരിച്ചറിയാനും ജില്ലാതല മെന്റർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സൗകര്യമൊരുക്കും. |

| | | | |
|---|---|---|---|
| | | | • വൺ ഹെൽത്തിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകീയ കാമ്പയിൻ എന്ന പേരിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി. പൊതുജനങ്ങളും സ്കൂൾ വിദ്യാർത്ഥികളും നേതൃത്വം നൽകി ത്രിതല ഘട്ടമായാണ് കാമ്പയിൻ നടപ്പാക്കുക. മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടുതൽ ചർച്ചകൾ നടന്നു വരുന്നു. |
| സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | 15/01/2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.1/2023/P&EA പ്രകാരം വൺ ഹെൽത്ത് പദ്ധതിയുടെ 2022-2023 വർഷത്തേയ്ക്കുള്ള രൂപരേഖയ്ക്ക് അനുമതി നൽകി. ഇത് പ്രകാരം സിസ്റ്റം ഡെവലപ്മെന്റ് & ശാക്തീകരണം, മുന്നൊരുക്ക ആസൂത്രണ പ്രവർത്തനങ്ങൾ , കപ്പാസിറ്റി ബിൽഡിംഗ്, ഐ.റ്റി. പ്ലാറ്റ് ഫോം വികസിപ്പിക്കൽ-ശാക്തീകരണം, കമ്മ്യൂണിറ്റി സർവൈലൻസ് സംവിധാനം രൂപീകരിക്കലും , ലാബ് ശൃംഖലകളുടെ ശാക്തീകരണവും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, റാബീസ് ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ മാനേജ് മെന്റ്, ഗവേഷണം, അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ